പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **7831** — 23.07.2012 ൽ മറുപടിയ്ക്ക്

**പട്ടികവർഗ്ഗക്കാർക്ക് നൽകിയ ഭൂമിയിൽ നിന്നും മരങ്ങൾ കടത്തിയതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കുളത്തൂപ്പുഴയ്ക്ക് സമീപം കൊച്ചരിപ്പ യിൽ പട്ടികവർഗ്ഗക്കാർക്ക് നൽകിയ ഭൂമിയിൽ നിന്നും വിലപിടിപ്പുള്ള മരങ്ങൾ അനധികൃതമായി കടത്തി ക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെ തിരെ എന്തെല്ലാം നടപടി സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. പട്ടികജാതിക്കാർക്ക് കുളത്തൂപ്പുഴ കൊച്ചരിപ്പയിൽ സർക്കാർ വക ഒരു ഏക്കർ ഭൂമി വീതം പതിച്ചു കൊടുക്കുന്ന തിൽ അവർക്ക് വീടുവയ്ക്കുന്നതിനും, കിണർ കുത്തുന്നതിനും, കൃഷിക്കും അസൗകര്യ മായി നിൽക്കുന്ന പാഴ്മരങ്ങളും, ഭാവി യിൽ അവരുടെ വീടുകൾക്ക് ദോഷം വരു ത്താവുന്ന പാഴ്മരങ്ങളും, പട്ടികജാതിക്കാ രുടെ സമ്മതപ്രകാരം അവർക്ക് ആയ തിന്റെ വില നൽകി മുറിച്ചുകൊടുക്കുന്ന തിന് കൊല്ലം ജില്ലാ കളക്ടറുടെ ഉത്തരവു പ്രകാരം ഷറഫുദ്ദീൻ എന്ന ആളിനെ ചുമതലപ്പെടുത്തുകയും പാഴ്മരങ്ങൾ മുറി ക്കുന്ന കൂട്ടത്തിൽ പാഴ്മരങ്ങളല്ലാത്ത മറ്റു വിലപിടിപ്പുള്ള റിസർവ്വ് മരങ്ങളും മുറിച്ചുകൊണ്ടു പോകുന്നു എന്ന് ആരോ പണം ഉണ്ടായതിനാൽ പത്തനാപുരം തഹസിൽദാർ സ്ഥലത്തെത്തി ഉത്തരവ് നമ്പർ. B2/17435/12 തീയതി 20.06.2012 പ്രകാരം നിരോധനം ഏർപ്പെടുത്തിയിട്ടുള്ള താണ്. കൂടാതെ മുറിച്ചിട്ടിരിക്കുന്ന തടി കളുടെ വില നിശ്ചയിക്കുന്നതിന് ഫോറസ്റ്റ് വകുപ്പിന് നിർദ്ദേശം കൊടുത്തിട്ടുള്ളതും ഓരോരുത്തരുടെയും കൈവശഭൂമിയിൽ നിന്നും മുറിച്ച മരങ്ങൾക്കുള്ള വില അവരവരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു |

....2

എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ മരങ്ങൾ മാറ്റാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം അനധികൃതമായി തടി കടത്തിക്കൊണ്ടുപോകുന്നവർക്കെതിരെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ? | (ബി) | ഇതു സംബന്ധിച്ച് പോലീസ് കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ